കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ ജപ്പാൻ സന്ദർശനം

186(2447) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിലെ സ്റ്റേറ്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള സംഘം ജപ്പാനിലെ കുബോട്ട കമ്പനിയുടെ ക്ഷണപ്രകാരം ജപ്പാൻ സന്ദർശിക്കാൻ പോയതിന് സർക്കാർ പണം ചെലവായോ എന്ന് വ്യക്തമാക്കുമോ ;

(ബി) എന്ത് ആവശ്യത്തിനുവേണ്ടിയാണ് പ്രസ്തുത സംഘം ജപ്പാൻ സന്ദർശിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിലെ കാർഷികാഭിവൃദ്ധിക്ക് പ്രസ്തുത യാത്ര എത്തെല്ലാം ഗുണങ്ങൾ ചെയ്യും എന്ന് വ്യക്തമാക്കുമോ ;

(ഡി) കൊയ്ത്ത്-മെതിയന്ത്രങ്ങളും ട്രാക്ടറുകളും എത്രമാത്രം വില കുറച്ച് ഇവരുടെ യാത്രയിലൂടെ നേടാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആർ.കെ.വി.വൈ ഫണ്ടിൽ നിന്നും (2401-00-800-37 പ്ലാൻ ശീർഷകത്തിൽ) ഭരണപരമായ ചെലവുകൾക്ക് മാറ്റിവച്ച തുകയിൽ നിന്നും ഈ യാത്രക്കായി പണം ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) ജപ്പാനിലെ കാർഷിക മേഖല പ്രത്യേകിച്ച് നെൽകൃഷി മേഖലയും കേരളത്തിലെ നെൽക്കൃഷി മേഖലയും തമ്മിൽ വളരെ സാമ്യം ഉള്ളതാണ്. അതുകൊണ്ട് തന്നെ ജപ്പാനിൽ നെൽകൃഷി മേഖലയിൽ ഉപയോഗത്തിലിരിക്കുന്ന പല ചെറിയ കാർഷിക യന്ത്രോപകരണങ്ങൾ ഇവിടെയും ആവശ്യമായ മാറ്റങ്ങൾ വരുത്തി ഉപയോഗപ്രദമാക്കുവാൻ സാധിക്കുന്നതാണ്. ടി യന്ത്രങ്ങളെപ്പറ്റി വിശദമായ ചർച്ച ചെയ്യുന്നതിനും കേരളത്തിലെ നെൽകൃഷി മേഖലയിൽ ഉപയോഗപ്രദമാക്കുന്നതിന് രൂപഘടനയിൽ മാറ്റം ആവശ്യമുണ്ടെങ്കിൽ അവ ചർച്ച ചെയ്ത് പരിഹാരം നേടുന്നതിനും നമ്മുടെ കാർഷിക യൂണിവേഴ്സിറ്റിയുമായി യന്ത്രവൽക്കരണ ഗവേഷണത്തിൽ ഒരു കൂട്ടായ്മ ഉണ്ടാക്കുവാനും ജപ്പാനിലെ കാർഷിക മേഖലയിലുള്ള പുരോഗതി നേരിട്ട് മനസ്സിലാക്കുന്നതിനും വേണ്ടിയാണ് യാത്ര നടത്തിയത്.

(സി) ജപ്പാനിലെ പ്രത്യേകിച്ച് ഐ.എ.എം. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചർ മിഷിനറി)യുമായി നിരന്തരം സമ്പർക്കം പുലർത്തുകയും. കേരളത്തിലെ പ്രകൃതിക്ക് യോജിച്ചതരത്തിലുള്ള കാർഷിക യന്ത്രോപകരണങ്ങൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ടി യന്ത്രങ്ങൾക്ക് പ്രാദേശിക സാഹചര്യങ്ങൾക്ക് അനുസരിച്ച് രൂപഘടനയിൽ മാറ്റം ആവശ്യമുണ്ടെങ്കിൽ അതത് നടപ്പിലാക്കുവാനും സാധിക്കുന്നതാണ്. അങ്ങനെ കണ്ടെത്തിയ ചില കാർഷിക യന്ത്രോപകരണങ്ങൾ താഴെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. സ്മാൾ സ്കെയിൽ റൈസ് ട്രാൻസ്പ്ലാന്റർ
2. സ്മാൾ സ്കെയിൽ കംപെയിൻ ഹാർവെസ്റ്റർ
3. ലൈറ്റ് വെയ്റ്റ് ട്രാൻസ്പ്ലാന്റർ
4. ട്രീ ക്ലൈമ്പിംഗ് മെഷീൻ

ടി യന്ത്രങ്ങളുടെ സ്പെഷ്യലിസ്റ്റിനെ കേരളത്തിലേയ്ക്ക് അയക്കാമെന്നും കേരളത്തിലെ പ്രത്യേക സാഹചര്യം പഠിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താമെന്നും ഐ.എ.എം. എന്ന സ്ഥാപനം സമ്മതിച്ചിട്ടുണ്ട്.

(ഡി) യന്ത്രങ്ങളുടെ വില കുറച്ചു വാങ്ങുന്നതിനുള്ള കരാർ ഒപ്പിടാനായിരുന്നില്ല യാത്ര. ജപ്പാനിലെ പ്രത്യേകിച്ച് ഐ.എ.എം. എന്ന സ്ഥാപനവുമായി (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചർ മിഷിനറി) നിരന്തരം സമ്പർക്കം പുലർത്തി കേരളത്തിലെ പ്രാദേശിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ യന്ത്രങ്ങൾ കണ്ടെത്തുകയും കേരളത്തിലെ കൃഷിക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതായിരുന്നു മുഖ്യമായ ലക്ഷ്യം.

താഴെപ്പറയുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

[2369, 2409, 2411, 2421, 2432, 2433, 2441, 2442, 2444]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II അടിയന്തര പ്രമേയം

സഹകാര്യ ചന്ദന ഫാക്ടറി ഉടമകളിൽ നിന്നും കോഴ വാങ്ങിയതായുള്ള വെളിപ്പെടുത്തൽ

സ്പീക്കർ : ചന്ദന ഫാക്ടറി ഉടമകളിൽ നിന്നും അന്നത്തെ പ്രതിപക്ഷ നേതാവും ഇപ്പോഴത്തെ മുഖ്യമന്ത്രിയുമായ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകൻ അരുൺകുമാർ ഏഴുലക്ഷം രൂപ കോഴ വാങ്ങി പിതാവായ പ്രതിപക്ഷ നേതാവിനെ സ്വാധീനിച്ച് ചന്ദന ഫാക്ടറികൾ അടച്ചുപൂട്ടിക്കുന്ന നീക്കത്തിൽ നിന്ന് പിൻതിരിപ്പിച്ചുവെന്ന് കാസർഗോഡ് സ്വദേശി ഖാദർ പാലോത്തിന്റെ വെളിപ്പെടുത്തലിനെത്തുടർന്നുണ്ടായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ. ബാബു, സി. ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ. പി. മോഹനൻ, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു, എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. 9.30 AM]

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, പ്രതിപക്ഷത്തിന്റെ പ്രകോപനവും വെപ്രാളവും എല്ലാവർക്കും മനസ്സിലാകുന്നതാണ്. മുഖം വികൃതമാകുന്നതിന് കണ്ണാടി തല്ലിപ്പൊട്ടിച്ചതുകൊണ്ട് പ്രയോജനമില്ല. വിമോചന യാത്ര ജയിൽ യാത്ര ആയി പരിണമിച്ചപ്പോൾ ഉണ്ടായ വേവലാതി

LIBRARY ARCHIVES Kerala Legislative Assembly